LIBRARY ARCHIVES Kerala Legislative Assembly

ജപ്പാൻ സഹായത്തോടെയുള്ള ശുദ്ധജലവിതരണ പദ്ധതി

35 [918] ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ സഹായത്തോടെയുള്ള പട്ടുവം ശുദ്ധജലവിതരണപദ്ധതിയുടെ അവസ്ഥ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇന്നത്തെ പരിതഃസ്ഥിതിയിൽ പദ്ധതി എപ്പോൾ പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടുവം ശുദ്ധജലവിതരണപദ്ധതി നിർവ്വഹണത്തിനുവേണ്ടിയുള്ള വിവിധ സർവ്വേ ജോലികൾ നടന്നുവരുന്നു.

(ബി) പദ്ധതി 2006-07-ഓടെ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ജപ്പാൻ കുടിവെള്ള പദ്ധതി

36 [919] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ആകെ എത്ര രൂപ വകകൊള്ളിച്ചിട്ടുണ്ടെന്നും ഓരോ പ്രദേശത്തിനും എത്ര തുക വീതമാണ് നീക്കിവച്ചിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ;

(സി) ഇത് നടപ്പാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളെക്കുറിച്ചും അവർ നടത്തിവരുന്ന പ്രവർത്തനങ്ങളെക്കുറിച്ചും വിശദമാക്കുമോ;

(ഡി) ജപ്പാൻ കുടിവെള്ള പദ്ധതി പൂർണ്ണമായി നടപ്പാക്കുന്നതോടെ കൈവരിക്കാവുന്ന നേട്ടങ്ങൾ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രധാന പൈപ്പ്ലൈനുകളുടേയും വിതരണ ശൃംഖലകളുടേയും വാട്ടർ ക്വാളിറ്റിയുടേയും സർവ്വെ നടന്നുവരുന്നു. കൂടാതെ ഈ പദ്ധതിയുടെ ഭാഗമായി ഒരു കമ്പ്യൂട്ടർവൽകൃത പരാതിപരിഹാരസെൽ നടപ്പാക്കാനുദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം നഗരത്തിൽ ഒരു സെന്റർ സ്ഥാപിക്കുന്നതിലേക്ക് 'എക്സ്പ്രഷൻ ഓഫ് ഇന്റെറസ്റ്റ്' ക്ഷണിച്ചിട്ടുണ്ട്.